**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1532** **04-07-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ ആക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ ആധുനിക രീതിയിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട്ടിൽ മുട്ടാർ, കൈനകരി നോർത്ത് എന്നീ വില്ലേജ് ഓഫീസുകൾ പ്ലാൻ സ്കീം 2021-2022 മുഖാന്തിരവും, കാവാലം, പുളിങ്കുന്ന് എന്നീ വില്ലേജാഫീസുകൾ റീബിൽഡ് കേരള പദ്ധതി മുഖാന്തിരവും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് പുതിയ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്. |
| (ബി) | റിക്കോർഡുകൾ സൂക്ഷിക്കുന്നതിന് പര്യാപ്തമായതും , ജീവനക്കാർക്കും പൊതുജനങ്ങൾക്കും സൗകര്യപ്രദമായതുമായ ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ദിവസവും ജനങ്ങൾ എത്തുന്ന ഓഫീസ് എന്ന നിലയിൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് വില്ലേജ് ഓഫീസുകളെ ആധുനീകരിക്കുന്നതിനുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് (SMART) സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്<br><br>പ്രസ്തുത സ്മാർട്ട് റവന്യൂ ഈഫീസ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും |

| | | | |
|---|---|---|---|
| | | | ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ